## പതിമൂന്നാം കേരള നിയമസഭ
## പതിന്നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5254 27.07.2015-ൽ മറുപടിയ്ക്ക്

ചോദ്യം
ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി

മറുപടി
ശ്രീ.അനൂപ് ജേക്കബ്
ഭക്ഷ്യവും, പൊതുവിതരണവും,
ഉപഭോക്തൃസംരക്ഷണവും,
രജിസ്ട്രേഷനും വകുപ്പുമന്ത്രി

### പുതിയ താലൂക്കുകളിൽ സിവിൽ സപ്ലൈസ് ഓഫീസ് തുടങ്ങുന്നതിനുള്ള നടപടികൾ

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പുതുതായി ആരംഭിച്ച താലൂക്കുകളിൽ സിവിൽ സപ്ലൈസ് ഓഫീസ് തുടങ്ങുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; | (എ) | സംസ്ഥാനത്ത് 12 പുതിയ താലൂക്ക് സപ്ലൈ ഓഫീസുകൾ സ്ഥാപിക്കുന്നതിനും അനുബന്ധ തസ്തികകൾ സൃഷ്ടിക്കുന്നതിനും 13.07.2015-ലെ സ.ഉ.(കൈ) നം. 20/2015/ഭ.പൊ.വി.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച ഉത്തരവ് പുറത്തിറങ്ങിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) | സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇവ എന്നത്തേക്ക് പ്രവർത്തിച്ച് തുടങ്ങാൻ സാധിക്കും ? | (സി) | പുതിയ താലൂക്കുകളിൽ സപ്ലൈ ഓഫീസുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുക, ജീവനക്കാരുടെ പുനർ വിന്യാസം തുടങ്ങിയ കാര്യങ്ങൾ പ്രാരംഭ ദിശയിലാണ്. ടി കാര്യങ്ങൾ നടപ്പിലാകുന്ന മുറയ്ക്ക് മാത്രമേ പുതിയ താലൂക്ക് സപ്ലൈ ഓഫീസുകൾ പ്രവർത്തിച്ച് തുടങ്ങാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

ആധികാരികം

കേരള സർക്കാർ

ഭക്ഷ്യപൊതുവിതരണ വകുപ്പ് - സംസ്ഥാനത്ത് 12 പുതിയ താലൂക്ക് സപ്ലൈ ആഫീസുകൾ സ്ഥാപിക്കുന്നതിനും അനുബന്ധ തസ്തികകൾ സൃഷ്ടിക്കുന്നതിനും ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭക്ഷ്യപൊതുവിതരണ (എ) വകുപ്പ്

സ.ഉ.(കൈ )നം. 20/2015/ഭ.സി.സ.വ. തീയതി, തിരുവനന്തപുരം,13.7.2015

പരാമർശം : 1) 28.05.2013 ലെ സർക്കാർ ഉത്തരവ്(കൈ ) നമ്പർ 227/13/ആർ.ഡി.
2) 27.06.2013 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 283/13/ആർ.ഡി.
3) 25.11.2014 ലെ പൊതുവിതരണ വകുപ്പ് ഡയറക്റുടെ (സി.എസ്.) ഐ 8/34580/2013 നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാനത്ത് കാട്ടാക്കട, വർക്കല, പുനലൂർ, കോന്നി, ഇടുക്കി, ചാലക്കുടി, കൊണ്ടോട്ടി, താമരശ്ശേരി, ഇരിട്ടി, പട്ടാമ്പി, വെള്ളരിക്കുണ്ട്, മഞ്ചേശ്വരം എന്നി 12 പുതിയ താലൂക്കുകൾ രൂപീകരിച്ചുകൊണ്ട് പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ടി താലൂക്കുകളിൽ പുതിയ താലൂക്ക് സപ്ലൈ ഓഫീസുകൾ സ്ഥാപിച്ചിരുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നിയമസഭാ പ്രതിനിധികളുടേത് ഉൾപ്പെടെ സമൂഹത്തിന്റെ വിവിധ കോണുകളിൽ നിന്നും അനേകം പരാതികൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.

2) മേൽ സാഹചര്യത്തിൽ, പുതിയ താലൂക്ക് സപ്ലൈ ഓഫീസുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ പുനർവിന്യാസം, പുതുതായി സൃഷ്ടിക്കുവാനുള്ള തസ്തികകൾ, സാമ്പത്തിക ബാദ്ധ്യത എന്നിവ സംബന്ധിച്ച് പരാമർശത്തിലെ കത്ത് പ്രകാരം വിശദമായ റിപ്പോർട്ട് പൊതുവിതരണ ഡയറക്ടർ, സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ടി പുതിയ താലൂക്ക് സപ്ലൈ ഓഫീസുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി പ്രതിവർഷം 7,06,00,000/- രൂപയുടെ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നതാണെന്നും കൂടാതെ 201 തസ്തികകൾ ആവശ്യമായി വരുമെന്നും ടി തസ്തികകളിൽ 38 തസ്തികകൾ പുനർവിന്യാസം വഴി നിയമനം നടത്താവുന്നതാണെന്നും ബാക്കി വരുന്ന 163 തസ്തികകൾ പുതിയതായി സൃഷ്ടിക്കേണ്ടി വരുമെന്നും പൊതുവിതരണ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ടി റിപ്പോർട്ട് പ്രകാരം പുനർ വിന്യാസം വഴി നിയമനം നടത്താവുന്ന തസ്തികകളുടെയും പുതിയതായി സൃഷ്ടിക്കേണ്ട തസ്തികകളുടെയും വേർതിരിച്ചുള്ള കണക്കുകൾ യഥാക്രമം താഴെ കൊടുത്തിട്ടുള്ള പട്ടിക (1)ലും, (2) ലുമായി വിവരിക്കുന്നു.

പട്ടിക (1)

പുനർ വിന്യാസം വഴി നിയമനം നടത്താവുന്ന തസ്തികകളുടെ വേർതിരിച്ചുള്ള കണക്ക്

| Sl.No. | Taluk | ATSO | RI | Sr. Clerk | Clerk |
|---|---|---|---|---|---|
| 1 | കാട്ടാക്കട | | 4 | | |
| 2 | വർക്കല | 1 | 3 | | |
| 3 | പുനലൂർ | 1 | 1 | | |
| 4 | കോന്നി | | 2 | | |
| 5 | ഇടുക്കി | | 4 | | |
| 6 | ചാലക്കുടി | 1 | 3 | | |
| 7 | കൊണ്ടോട്ടി | | 2 | | |
| 8 | താമരശ്ശേരി | | 2 | | |
| 9 | ഇരിട്ടി | | 2 | | |
| 10 | പട്ടാമ്പി | 1 | 3 | | |
| 11 | വെള്ളരിക്കുണ്ട് | | 2 | 3 | 2 |
| 12 | മഞ്ചേശ്വരം | | 1 | | |
| | ആകെ | 4 | 29 | 3 | 2 |

പട്ടിക (2)

<u>പുതുതായി സൃഷ്ടിക്കേണ്ട തസ്തികകൾ</u>

| Sl. No. | Taluk | TSO | ATSO | RI | Sr. Clerk | Clerk | Typist | O.A | Driver | PTS |
|---|---|---|---|---|---|---|---|---|---|---|
| 1 | കാട്ടാക്കട | 1 | 1 | | 3 | 3 | 1 | 2 | 1 | 1 |
| 2 | വർക്കല | 1 | | | 3 | 3 | 1 | 2 | 1 | 1 |
| 3 | പുനലൂർ | 1 | | 2 | 3 | 3 | 1 | 2 | 1 | 1 |
| 4 | കോന്നി | 1 | 1 | 1 | 3 | 3 | 1 | 2 | 1 | 1 |
| 5 | ഇടുക്കി | 1 | 1 | | 3 | 3 | 1 | 2 | 1 | 1 |
| 6 | ചാലക്കുടി | 1 | | 2 | 3 | 3 | 2 | 2 | 1 | 1 |
| 7 | കൊണ്ടോട്ടി | 1 | 1 | 1 | 3 | 3 | 1 | 2 | 1 | 1 |
| 8 | താമരശ്ശേരി | 1 | 1 | 4 | 3 | 3 | 1 | 2 | 1 | 1 |
| 9 | ഇരിട്ടി | 1 | 1 | 2 | 3 | 3 | 1 | 2 | 1 | 1 |
| 10 | പട്ടാമ്പി | 1 | | 1 | 3 | 3 | 1 | 2 | 1 | 1 |
| 11 | വെള്ളരിക്കുണ്ട് | 1 | 1 | | | 1 | 1 | 2 | 1 | 1 |
| 12 | മഞ്ചേശ്വരം | 1 | 1 | 2 | 3 | 3 | 1 | 2 | 1 | 1 |
| | ആകെ | 12 | 8 | 15 | 33 | 34 | 13 | 24 | 12 | 12 |

3) സർക്കാർ പൊതുവിതരണ ഡയറക്ടറുടെ മേൽ നിർദ്ദേശം വിശദമായി പരിശോധിക്കുകയുണ്ടായി. സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച കാട്ടാക്കട, വർക്കല, പുനലൂർ, കോന്നി, ഇടുക്കി, ചാലക്കുടി, കൊണ്ടോട്ടി, താമരശ്ശേരി, ഇരിട്ടി, പട്ടാമ്പി, വെള്ളരിക്കുണ്ട്, മഞ്ചേശ്വരം എന്നീ 12 പുതിയ താലൂക്കുകളിലായി ഓരോ താലൂക്ക് തല സപ്ലൈ ഓഫീസുകൾ സ്ഥാപിക്കുന്നതിനും അതോടനുബന്ധിച്ച് പട്ടിക രണ്ടിൽ വിവരിച്ച 163 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
—ജി. കമലവർദ്ധന റാവു
ഗവൺമെന്റ് സെക്രട്ടറി

പൊതുവിതരണ ഡയറക്ടർ, തിരുവനന്തപുരം,
സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം,
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം,
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം,
ധനകാര്യവകുപ്പ് (14.05.2015 ലെ U.O.No. Agri.A2/11/2015-Fin. )
പൊതുഭരണ (എസ്.സി) വകുപ്പ്, ( 01.07.2015 ലെ ഇനം. നം...........................പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് -
1) മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2) പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.
3) ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
4) ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
5) ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.

സെക്ഷൻ ഓഫീസർ